# വെബിനാർ പരമ്പര 27 മുതൽ

**ആലുവ ▸** എടത്തല അൽ അമീൻ കോളേജ് മലയാള വിഭാഗത്തിന്റെയും ഫോക്‌ലോർ ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ 'ലിറ്റ്ഫോക്-2020 ഫോക്‌ലോർ ആൻഡ് മോർ' എന്ന വെബിനാർ നടത്തുന്നു. ശനിയാഴ്ച മുതൽ ജൂലായ് 6 വരെ നീണ്ടുനിൽക്കുന്നതാണ് വെബിനാർ പരമ്പര.

സിനിമ, സാഹിത്യം, സൈബർ ഇടം, ഇതിഹാസങ്ങൾ എന്നിവയിൽ ഫോക്‌ലോർ എങ്ങനെ ഇടപെടുന്നുവെന്ന് അന്വേഷിക്കുകയാണ് ലക്ഷ്യം. ഇ. പി. രാജഗോപാലൻ (ഫോക്‌ലോർ ഒരു സമീപനം എന്ന നിലയിൽ), ഡോ. സോമൻ കടലൂർ(സാഹിത്യവും ഫോക്‌ലോറും), ഡോ. മല്ലിക എ. നായർ (മലയാളസിനിമയിലെ ഫോക് അംശങ്ങൾ), ഡോ. അസീസ് തരുവണ (ഇന്ത്യൻ ഇതിഹാസങ്ങളുടെ നാടോടി പാരമ്പര്യം), ഡോ. പി. ആൻറണി (സൈബർ ഇടത്തിലെ ഫോക്) തുടങ്ങിയവരാണ് പ്രഭാഷകർ. ഏതു മേഖലയിലുള്ളവർക്കും വെബിനാറിന് പങ്കെടുക്കാം. പ്രവേശനം സൗജന്യമാണ്. രജിസ്ട്രേഷൻ: 95449 73993.